**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഈ വർഷത്തെ (2008)
അവാർഡുകൾക്ക് വേണ്ടി തെരഞ്ഞെടുത്ത
രചനകളും രചയിതാക്കളും.**

1 എൻ.വി.കൃഷ്ണവാര്യർ സ്മാരക വൈജ്ഞാനിക ഗ്രന്ഥത്തിനുള്ള അവാർഡ് ശ്രീ.പി.ഗോവിന്ദപിള്ള രചിച്ച **മാർഗ്രിഗോറിയസിന്റെ മതവും മാർക്സിസവും** എന്ന ഗ്രന്ഥമാണ് നേടിയിട്ടുള്ളത്.
*(ഗ്രന്ഥകാരന്റെ അന്വേഷണാത്മകവും അപഗ്രഥനാത്മകവുമായ രചനാ വൈഭവവും കേരളീയപൊതുബോധത്തിൽ മതനിരപേക്ഷ മൂല്യങ്ങൾ പ്രക്ഷേപിക്കാനുള്ള ശേഷിയും കണക്കിലെടുത്താണ് ഈ ഗ്രന്ഥം അവാർഡിനായി തെരഞ്ഞെടുത്തത്.)*

2 വൈക്കം മുഹമ്മദ് ബഷീർ സ്മാരക നോവലിനുള്ള അവാർഡ് ശ്രീ.എം.രാഘവൻ രചിച്ച **'ചിതറിയ ചിത്രങ്ങൾ'**ക്കാണ് നൽകുന്നത്.
*(ആഴത്തിലുള്ള പഠനത്തിലൂടെ കോളനീകരണത്തിന്റെ പ്രശ്നപരിസരം അനാവരണം ചെയ്യുമ്പോഴും നോവൽരചനക്കാവശ്യമായ കരവിരുത് പ്രകടിപ്പിക്കുന്ന കൃതി എന്ന നിലയിലാണ് ചിതറിയ ചിത്രങ്ങൾ സ്വീകരിക്കുന്നത്.)*

3 കെ.എം.ജോർജിന്റെ പേരിലുള്ള നിരൂപണ ഗവേഷണ ഗ്രന്ഥത്തിനുള്ള അവാർഡ് ഡോ.ടി.അനിതകുമാരി രചിച്ച **'സിനിമ, സാഹിത്യം, ജീവിതം-പത്മരാജൻ'** എന്ന കൃതിക്കാണ് നൽകുന്നത്.
*(സൂക്ഷ്മമായ വിശകലനവും, പരന്നവായനയും സാമ്പ്രദായിക മേഖലകൾക്കപ്പുറം അന്വേഷിക്കാനുള്ള സന്നദ്ധതയും പ്രകാശിപ്പിക്കുന്നതിനാൽ ഈ പുസ്തകം വേറിട്ട് നിൽക്കുന്നു.)*

4 എം.പി.കുമാരന്റെ പേരിലുള്ള വിവർത്തന ഗ്രന്ഥത്തിനുള്ള അവാർഡ് പി.എൻ.സത്യദാസ് പരിഭാഷപ്പെടുത്തിയ **'ഇന്ത്യൻ ജാതി വ്യവസ്ഥ'** എന്ന കൃതിക്കാണ് നൽകുന്നത്.
*(ഡോ. ജോൺവിൽസൺ 1877-ൽ രചിച്ച 'Indian Caste' എന്ന മൂലകൃതി കേരളീയ വായനാസമൂഹത്തിന് ലഭിക്കാൻ സത്യദാസ് നടത്തിയ കഠിനാദ്ധ്വാനവും പ്രകടിപ്പിക്കുന്ന ഭാഷാ നൈപുണ്യവും പരിഗണിച്ചാണ് ഈ കൃതി തെരഞ്ഞെടുക്കുന്നത്)*

തുടർച്ച..... പുറം 2

## നാൽപ്പത് വയസിൽ കുറഞ്ഞ രചയിതാക്കൾക്ക് നൽകുന്ന പ്രസിദ്ധീകരിക്കാത്ത രചനകൾക്കുള്ള അവാർഡുകൾ

1 എൻ.വി.സ്മാരക വൈജ്ഞാനിക അവാർഡ്: **ദളിത് സ്ത്രീ സ്വത്വ വ്യവഹാരങ്ങൾ** (എം.ആർ.രാജേഷ്)

2 ബഷീർ സ്മാരക ചെറുകഥയ്ക്കുള്ള അവാർഡ്: **വെർണിക്കിന്റെ പ്രദേശം** (സുധീർ. എം.എസ്)

3 കെ.എം.ജോർജ് സ്മാരക നിരൂപണ/ഗവേഷണ അവാർഡ്: **ചോമന്റെ തുടിയും മേഘാവൃതനക്ഷത്രവും** (സുധീഷ്. കെ.എം)

4 എം.പി.കുമാരൻ സ്മാരക വിവർത്തനത്തിനുള്ള അവാർഡ്: **ഫിദൽകാസ്ട്രോ, പ്രായോഗികമതിയായ ധാർമികവാദി** (കെ.സി.ഷൈജൽ)

ആദ്യവിഭാഗത്തിൽ പതിനായിരം രൂപയും പ്രശസ്തിപത്രവും ശിൽപ്പവുമാണ് നൽകുക. രണ്ടാം വിഭാഗത്തിൽ 5000 രൂപയും പ്രശസ്തിപത്രവും ശിൽപ്പവുമാണ് നൽകുക. അവാർഡുകൾ 2008 സെപ്തംബർ പതിനേഴിന് **ബഹു.സാംസ്കാരികവകുപ്പ് മന്ത്രി ശ്രീ.എം.എ.ബേബി** തിരുവനന്തപുരത്ത് വച്ച് നൽകുന്നതാണ്.

*പെരുമ്പടവം ശ്രീധരൻ, ലെളിതാലെനിൻ, കെ.ഇ.എൻ. എന്നിവർ ചേർന്നാണ് അർഹമായ രചനകൾ തെരഞ്ഞെടുത്തത്.*

**ഡോ. പി. കെ. പോക്കർ**
**ഡയറക്ടർ**